നമ്പർ: 248/2019

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

വി. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പൗരസ്ത്യ ശ്ലൈഹിക സിംഹാസനത്തിൽ ഏറ്റവും അധികം കാലം പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി ഭാഗ്യമോടെ വാണരുളിയ മലങ്കരയുടെ മൂന്നാം കാതോലിക്കാ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാതോലിക്കാസ്ഥാനാരോഹണ നവതി മാതൃകാപരമായ വിവിധ പരിപാടികളോടെ സഭയിലെങ്ങും ആചരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിൽ സുധീരമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് പരിശുദ്ധ സഭയെ സമാധാന തീരത്തേയ്ക്ക് നയിച്ച ദാർശനികനും തപസ്വിയുമായ മഹാപുരോഹിതനായിരുന്നു പരിശുദ്ധ പിതാവ്. എക്യുമെനിക്കൽ രംഗത്തും സാമൂഹിക രംഗത്തും പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനം കാഴ്ചവച്ച് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ പരിശുദ്ധ പിതാവിനെ യോഗ്യമായ നിലയിൽ വരും തലമുറയ്ക്ക് പരിചയപ്പെടുത്തുവാൻ നവതി ആഘോഷങ്ങൾ മുഖാന്തിരമാകണമെന്നാണ് നാം ആഗ്രഹിക്കുന്നത്. നവതി ആചരണത്തിന്റെ ഉദ്ഘാടനം 2019 ഓഗസ്റ്റ് മാസം 17-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പരിശുദ്ധ പിതാവിന്റെ പ്രധാന പ്രവർത്തനകേന്ദ്രങ്ങളിൽ ഒന്നായിരുന്ന കുണ്ടറ സെമിനാരിയിൽ വച്ച് നടത്തപ്പെടുകയാണ്. സഭാതലത്തിലുള്ള ആഘോഷങ്ങളുടെ സമാപനം പരിശുദ്ധ പിതാവിന്റെ 56-ാം ഓർമ്മപ്പെരുന്നാളിനോടുചേർന്ന് നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ദേവലോകം അരമനയിലെ നവീകരിച്ച ചാപ്പലിന്റെ കൂദാശയും കോട്ടയം എം. ഡി. സെമിനാരി അങ്കണത്തിൽ നടക്കുന്ന നസ്രാണി സംഗമവുമാണ് സ്ഥാനാരോഹണ നവതി ആഘോഷ സമാപനത്തോടനുബന്ധിച്ച് 2020 ജനുവരി 2, 3 തീയതികളിൽ ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. വിശദമായ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്. കുണ്ടറ സെമിനാരിയിൽ നടത്തുന്ന ഉത്ഘാടന യോഗത്തിലും സഭാതലത്തിൽ നടത്തപ്പെടുന്ന എല്ലാ പരിപാടികളിലും നിങ്ങളേവരും പള്ളിച്ചെലവിൽ വന്ന് സംബന്ധിച്ച് അനുഗ്രഹപ്രദമാക്കണമെന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 ജൂലൈ മാസം 25 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.